# ഗവ. ഹയർ സെക്കന്ററി സ്ക്കൂൾ, അഴിയൂർ

## സാഫല്യം

### അക്കാദമിക മാസ്റ്റർ പ്ലാൻ
### 2025-26



# ആമുഖം

പൊതുവിദ്യാഭ്യാസത്തിൻ്റെ ഗുണമേന്മ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത്. 2025 26 അധ്യയന വർഷത്തിൽ 5 മുതൽ 10 വരെയുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിലുള്ള വൈകാരിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക പഠന വിടവുകൾ നികത്തുക എന്നതും ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യമാണ് പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ രസകരവും ആക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# സ്കൂൾ ചരിത്രം

കോഴിക്കോട് റവന്യൂ ജില്ലയിലെ വടകര വിദ്യാഭ്യാസ ജില്ലയിലെ ചോമ്പാല ഉപജില്ലയിൽ അഴിയൂർ പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂൾ ആണ് ജി എച്ച് എസ് എസ് അഴിയൂർ. മലബാർ ഡിസ്ട്രിക്ട് ബോർഡിൻറെ കീഴിൽ വർഷങ്ങളോളം പ്രവർത്തിച്ചിരുന്ന അഴിയൂരിലെ ബോർഡ് ഹയർ എലിമെൻററി സ്കൂളാണ് ഇന്നത്തെ അഴിയൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ആയി പരിണമിച്ചത്. അഴിയൂർ ദേശക്കാർക്ക് പഴയകാലത്ത് അഞ്ചാം ക്ലാസിന് ഉപരിയായുള്ള വിദ്യാഭ്യാസം നേടണമെങ്കിൽ മയ്യഴിയെയും മറ്റു പ്രദേശങ്ങളെയും ആശ്രയിക്കണ-മായിരുന്നു. ഒടുവിൽ മയ്യഴി വിമോചന സമരനായകൻ മയ്യഴി ഗാന്ധി ശ്രീ ഐ. കെ. കുമാരൻ മാസ്റ്റർ പ്രസിഡന്റായ ഹൈസ്കൂൾ കമ്മറ്റിയുടെ പരിശ്രമഫലമായി 1957 ജൂലൈ പന്ത്രണ്ടാം തിയ്യതി അഴിയൂർ ഹൈസ്കൂൾ അനുവദിച്ച് സർക്കാർ ഉത്തരവിറക്കി. 1998-99 അധ്യയന വർഷത്തിലായിരുന്നു കേരളത്തിലെ ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിച്ചത് . അന്നത്തെ സ്ഥലം MLA ശ്രീ സി കെ നാണുവിന്റെ നേതൃത്വത്തിലുള്ള പ്രവർത്തന ഫലമായി അതെ വർഷം തന്നെ അഴിയൂർ ഹൈസ്കൂളിൽ ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിക്കപ്പെട്ടു.

തീരദേശ വികസന കോർപ്പറേഷൻ അനുവദിച്ച നാലേമുക്കാൽ കോടി രൂപ ഉപയോഗിച്ച് തികച്ചും ആധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിച്ച കെട്ടിടങ്ങൾ സ്കൂളിൻറെ മുഖച്ഛായ തന്നെ മാറ്റി. തീരദേശത്തെ സാധാരണക്കാരായ കുട്ടികൾക്ക് അത്യാധുനിക സൗകര്യങ്ങളോടുകൂടി പഠിക്കാൻ പറ്റുന്ന സ്ഥിതിവിശേഷം ഉണ്ടായി. ഹൈടെക് ക്ലാസ് മുറികൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ സയൻസ് ലാബ്, ഐടി ലാബ്, ലൈബ്രറി, കൗൺസിലിംഗ് & സിക്ക് റൂം, ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഡിറ്റോറിയം എന്നിവ സ്കൂളിന്റെ ആകർഷണീയതയാണ്. ശുദ്ധജലസ്രോതസ്സായി ഒരു കിണറും ഒരു കുഴൽക്കിണറും ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ സ്കൂളിൽ നിർമ്മിച്ചു.

# <u>സ്കൂൾ വിവരങ്ങൾ</u>

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ. ഹയർ സെക്കന്ററി സ്കൂൾ അഴിയൂർ |
| സ്കൂൾ കോഡ് | : **16013** |
| മേൽവിലാസം | : അഴിയൂർ പി ഒ, വടകര, കോഴിക്കോട് |
| പിൻകോഡ് | : 673309 |
| ഇ മെയിൽ | : vatakara16013@gmail.com |
| റവന്യൂജില്ല | : കോഴിക്കോട് |
| വിദ്യഭ്യാസ ജില്ല | : വടകര |
| വിദ്യഭ്യാസ ഉപജില്ല | : ചോമ്പാല |
| ക്ലാസുകൾ | : 5 മുതൽ 12 വരെ |
| മാനേജ്മെന്റ് | : ഗവൺമെന്റ് |

# വിദ്യാർത്ഥികളുടെ എണ്ണം

2025 – 26

| STD | DIVS | TOTAL | | |
|---|---|---|---|---|
| | | B | G | TOTAL |
| 5 | 1 | 6 | 4 | 10 |
| 6 | 1 | 15 | 8 | 23 |
| 7 | 1 | 6 | 15 | 21 |
| 8 | 2 | 24 | 29 | 53 |
| 9 | 2 | 26 | 36 | 62 |
| 10 | 2 | 36 | 26 | 62 |
| Total | | 113 | 118 | 231 |

# അധ്യാപകരുടെ എണ്ണം

| | |
|---|---|
| യു പി വിഭാഗം | 6 |
| ഹൈസ്കൂൾ വിഭാഗം | 9 |
| സ്പെഷലിസ്റ്റ് അധ്യാപകർ | 2 |

# <u>അക്കാദമിക വിജയങ്ങൾ</u>

**USS**

**2024 -25 - 5 കുട്ടികൾ**

**S.S.L.C**

| | | |
|---|---|---|
| 2022-23 | - | 100% |
| 2023-24 | - | 100% |
| 2025-25 | - | 100% |

# മികവ്

സ്തുത്യർഹമായ പ്രകടനം നടത്തുന്ന സ്റ്റുഡൻറ് പോലീസ് യൂണിറ്റ് സ്കൂളിൻറെ അഭിമാനമാണ്. വിദ്യാരംഗം കലാസാഹിത്യവേദി, ജെ ആർ സി, വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ, പരിസ്ഥിതി ക്ലബ്ബ്, സീഡ്, സൈക്കോ & സോഷ്യൽ കൗൺസിലിംഗ് എന്നിവയുടെ പ്രവർത്തനങ്ങൾ സജീവമായി സ്കൂളിൽ നടക്കുന്നു. ഭാവന സമ്പന്നവും സംഘടനാ പാഠവും ഉള്ള നേതൃത്വവും , ഇച്ഛാശക്തിയോടെ പൊരുതിയ അധ്യാപകരും, അവരോടൊപ്പം തോൾ ചേർന്ന അക്ഷര സ്നേഹികളായ ഒരു കൂട്ടം ജനങ്ങളും തന്നെയാണ് ഈ സ്കൂളിൻറെ വളർച്ചയ്ക്ക് സഹായകമായത് . ശക്തമായ പിടിഎ, പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവാധ്യാപകർ, ചെറുതും വലുതുമായ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാം സ്കൂളിന്റെ പുരോഗതിയിൽ ഒപ്പമുണ്ട്. തുടർച്ചയായി ആറു വർഷമായി വിദ്യാലയം എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നേടി ജൈത്രയാത്ര തുടരുന്നു. സബ്ജില്ലാ കലോത്സവത്തിൽ അറബിക്കലോത്സവത്തിൽ മികച്ച വിജയം കൈവരിച്ചു വരുന്നു. കലാമേള, കായികമേള, ശാസ്ത്രമേള എന്നിവയിൽ എല്ലാ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയും മോശമല്ലാത്ത വിജയം കൈവരിക്കുകയും ചെയ്യുന്നുണ്ട്. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണ പ്രത്യേകമായി ശ്രദ്ധ ക്ലാസിലുകളിലൂടെ നൽകിവരുന്നു. കഴിഞ്ഞ രണ്ടു വർഷമായി നാസിനായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഒന്നാണ് ജിഎച്ച്എസ്എസ് അഴിയൂർ. ഇതിനായി മികച്ച രീതിയിൽ പരിശീലനം നൽകുകയും കുട്ടികൾ നന്നായി പരീക്ഷ എഴുതുകയും ചെയ്തു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി പഠന പിന്നോക്കാ-വസ്ഥയിലുള്ള കുട്ടികൾക്ക് വെക്കേഷൻ സമയത്ത് പ്രത്യേക ക്ലാസുകൾ നൽകി സേ പരീക്ഷയിലൂടെ സ്ഥാനക്കയറ്റം നൽകി. പഠനത്തിൽ മിടുക്കരായ കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ പ്രത്യേക പരിശീലനം നൽകിക്കൊണ്ട് 2004-25 അധ്യയന വർഷം അഞ്ചു കുട്ടികൾക്ക് യു എസ് എസ് സ്കോളർഷിപ്പ് കരസ്ഥമാക്കാൻ കഴിഞ്ഞു.

പഠനത്തിൽ മിടുക്കരായ കുട്ടികൾക്ക് NMMS പരീക്ഷയ്ക്കും പ്രത്യേക പരിശീലനം നൽകിവരുന്നു. 2023-24 വർഷത്തിൽ അനുരുദ്ധ് എന്ന വിദ്യാർത്ഥിക്ക് NMMS സ്കോളർഷിപ്പ് ലഭിച്ചു. 2023-24 അക്കാദമിക വർഷത്തിൽ മുഹമ്മദ് സിനാൻ ജില്ലാതലത്തിൽ ഇൻസ്പയർ അവാർഡിന് അർഹനായി. 2022 -23 അക്കാദമിക വർഷത്തിൽ മാതൃഭൂമി സീഡിന്റെ ഹരിതജ്യോതി പുരസ്കാരത്തിന് സ്കൂൾ അർഹയായി.

എസ്എസ്എൽസി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതിയാണ് വിജയോത്സവം. ഈ പദ്ധതിയുടെ ഭാഗമായി നൽകുന്ന പ്രത്യേക പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾക്ക് മികച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ പരിശീലന സമയത്ത് രക്ഷിതാക്കളുടെ സഹകരണത്തോടെ കുട്ടികൾക്ക് ഭക്ഷണം നൽകിവരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി റാംപ് നിർമ്മിച്ചു. ഇവർക്ക് വേണ്ടി റിസോഴ്സ് റൂം പ്രവർത്തിച്ചുവരുന്നു. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ സഹായത്തോടെ സ്കൂൾ ഓഡിറ്റോറിയം നവീകരിച്ച് വൈക്കം മുഹമ്മദ് ബഷീർ ഓഡിറ്റോറിയം എന്ന നാമകരണം ചെയ്തു.

# പ്രതിഭാപരിപോഷണ പരിപാടി

## കായികം

| പരിപാടി | ഉദ്ദേശ്യം | പ്രവർത്തനം |
|---|---|---|
| സൂംബ പരിശീലനം | കുട്ടികളുടെ മാനസികോല്ലാസം | ആഴ്ചയിലൊരു ദിവസം സൂംബ പരിശീലനം |
| ഫുട്ബാൾ<br>ഖൊച ഖൊ<br>കബഡി പരിശീലനം | സ്കൂൾ ടീമിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കാൻ | വൈകുന്നേരങ്ങളിൽ പരിശീലനം |

## സർഗാത്മകം

| പരിപാടി | ഉദ്ദേശ്യം | പ്രവർത്തനം |
|---|---|---|
| ചിത്രകല ക്യാമ്പ് | കുട്ടികൾക്ക് ചിത്രകലയിൽ താല്പര്യം വളർത്താൻ | ദ്വിദിന ശില്പശാല |
| നാടകക്കളരി | അഭിനയ ശേഷി വികാസത്തിന് | തെരഞ്ഞടുത്ത ദിവസങ്ങളിൽ അതിഥികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് പരിശീലനം |

# പദ്ധതി : അക്കാദമികം

| പരിപാടി | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ |
|---|---|---|
| NMMS പരിശീലനം | സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നേടിക്കൊടുത്ത് അവരെ സാമ്പത്തികമായി ശക്തിപ്പെടുത്തുക | വിദഗ്ധരുടെ ക്ലാസുകൾ, ടൈംടേബിൾ പ്രകാരം ഓരോ ദിവസം ഓരോ വിഷയം അധ്യാപകർ കൈകാര്യം ചെയ്യുന്നു |
| USS പരിശീലനം | ഏഴാം ക്ലാസിൽ പഠിക്കുന്ന കുട്ടികളെ USS സ്കോളർഷിപ്പിന് അർഹരാക്കുന്നതിന് | പഠന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് പ്രവൃത്തി ദിനങ്ങളിൽ വൈകിട്ട് ക്ലാസിന് ശേഷവും ശനിയാഴ്ചകളിലും പ്രത്യേകം ക്ലാസുകൾ നൽകുന്നു. വിദഗ്ധരുടെ നേതൃത്വത്തിലുള്ള ക്ലാസുകൾ നൽകുന്നു. |
| SSLC FULL A+ | ഫുൾ എ പ്ലസ് 40% ആക്കാൻ | അതിഥി ക്ലാസുകൾ, നിരന്തര പരീക്ഷകൾ, വൈകീട്ട് ആറുമണി വരെയുള്ള ക്ലാസുകൾ |

# പദ്ധതി : അക്കാദമികം

| പരിപാടി | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ |
|---|---|---|
| SMILE | 8 , 9 ക്ലാസുകളിലെ പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠന വിടവ് നികത്തുക | ഭാഷാ ഗണിത വിഷയങ്ങളിൽ ടൈം ടേബിൾ പ്രകാരം പ്രത്യേക പരിശീലനം |
| ഒപ്പം | 5 മുതൽ 7 വരെ ക്ലാസുകളിലെ പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠന വിടവ് നികത്തുക | ഭാഷാ ഗണിത വിഷയങ്ങളിൽ ടൈം ടേബിൾ പ്രകാരം പ്രത്യേക പരിശീലനം |

വിഷയം : മലയാളം ( യു പി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയസംവേദനം നടത്തുവാനും മറ്റും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളുടെ അവതരിപ്പിക്കുന്നു<br>വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപിക | 1000 |
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിന് | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ നൽകുക<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ആഗസ്റ്റ് സെപ്റ്റം ബർ | എസ് ആർ ജി | 3000 |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്താ ലോകത്തേക്ക്<br>പത്രം ആഴ്ചപ്പതിപ്പ് മാസികകൾ തുടങ്ങിയവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ,ലഘു നാടകങ്ങൾ, തുടങ്ങിയവ അവതരിപ്പിക്കുവാൻ അവസരം നൽകുക | ജൂൺ മുതൽ | മലയാളം അധ്യാപിക | |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | കുഞ്ഞെഴുത്തുകാർ<br>എഴുത്തുകൂട്ടം രൂപീകരണം, പുസ്തക ചർച്ച , വായനക്കുറിപ്പ് , പതിപ്പ് , ചുമർപത്രിക തയ്യാറാക്കൽ വ്യക്തിഗത രചന, സംഘ രചന എന്നിവ | ജൂലൈ മുതൽ | വിദ്യാരംഗം ക്ലബ് | 2000 |

## Subject : English(UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷീ വികാസം** | ഇംഗ്ലീഷ് ന്യൂസ് ടൈം<br>ഓൾ ഇന്ത്യ റേഡിയോയുടെ ഇംഗ്ലീഷ് ന്യൂസ് കേൾക്കാൻ അവസരം നൽകുന്നു. തുടർന്ന് നല്കുന്ന ബഹു വികല്പ മാതൃകയിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. | ജൂൺ – നവംബർ | ഇംഗ്ലീഷ് ടീച്ചർ | |
| | ഇ ക്യൂബ് ഇംഗ്ളീഷ് ടൈം<br>ഇ ക്യൂബ് ഇംഗ്ളീഷ് കഥകൾ കേൾപ്പിക്കുന്നു. തുടർന്ന്, നല്കിയ ക്വിസ് സ്വയം ചെയ്യുന്നു. | ജൂൺ – നവംബർ | ഇംഗ്ലീഷ് ടീച്ചർ | |
| | ഇംഗ്ലീഷ് കോർണർ<br>ഇംഗ്ലീഷിലുള്ള മാസികകൾ , വായനാക്കാർഡുകൾ, കഥാപുസ്തകങ്ങൾ എന്നിവ ഇംഗ്ലീഷ് കോർണറിൽ സജ്ജീകരിക്കുന്നു. ഒഴിവുള്ള സമയങ്ങളിൽ കുട്ടികൾ ഇവ വായിക്കുന്നു. | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | 2000 |
| | ഇംഗ്ലീഷ് ഡയറി<br>എല്ലാ ദിവസവും ഇംഗ്ലീഷിൽ ഡയറി എഴുതുന്നു. ക്ലാസിൽ വായിക്കുന്നു. | ജൂലായ് മുതൽ | ഇംഗ്ലീഷ് ടീച്ചർ | |
| | ഇംഗ്ലീഷ് ന്യൂസ് റിപ്പോർട്ടർ<br>സ്കൂൾ സംബന്ധമായ വാർത്തകൾ ഇംഗ്ലീഷിൽ തയ്യാറാക്കുന്നു. ഇംഗ്ലീഷ് ന്യൂസ് പേപ്പർ പ്രസിദ്ധീകരിക്കുന്നു. | ആഗസ്റ്റ് മുതൽ രണ്ടാഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | 5000 |

| | | | | |
|---|---|---|---|---|
| | വൺ മിനിറ്റ് ടോക് ഷോ<br>ഏതെങ്കിലും ഒന്നിനെ പറ്റി ഒരു മിനിറ്റ് നേരം സംസാരിക്കാൻ അവസരം ഒരുക്കുന്നു. | ആഗസ്റ്റ് മുതൽ ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |
| | ഇംഗ്ലീഷ് വാർത്താ ചാനൽ<br>സ്കൂൾ വിശേഷങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വാർത്തകൾ വായിക്കുന്ന വീഡിയോ നിർമ്മിച്ച് സ്കൂൾ ഫേസ്ബുക്ക്, യു ട്യൂബ് എന്നിവയിൽ പോസ്റ്റ് ചെയ്യുന്നു. | ആഗസ്റ്റ് മുതൽ മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | 2000 |
| **ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷീ വികാസം.** | മൈ കോമിക് ബുക്ക് / ഡിസ്ക്രിപ്ഷൻ ബുക്ക്<br>7 ലെയും 6 ലെയും കുട്ടികൾ ക്ലാസിൽ പഠിച്ച കഥകളും വായിച്ച കഥകളും ചിത്രകഥാ രൂപത്തിലാക്കുന്നു. ഇവ ഒന്നിച്ച് തുന്നിച്ചേർത്ത് പുസ്തകമാക്കുന്നു. | | ഇംഗ്ലീഷ് ടീച്ചർ | |
| | ഇംഗ്ലീഷ് മാഗസിൻ<br>കുട്ടികൾ ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ഉല്പന്നങ്ങൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | ജനുവരി | ഇംഗ്ലീഷ് ടീച്ചർ | 2000 |
| | ഇംഗ്ലീഷ് ഫെസ്റ്റ്<br>ഫെബ്രുവരി മാസത്തിൽ കഥ പറയൽ, കവിതാലാപം, സ്കിറ്റ്, പ്രസംഗം, വായനാമത്സരം , എന്നിവ ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. | ഫെബ്രുവരി | എസ് ആർ ജി | 5000 |
| | | | | |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് വൊക്കാബുലറി വർധിപ്പിക്കുന്നതിന്** | ഫൺ ടൈം<br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ കുട്ടികൾ അവർ നിർമ്മിച്ച റിഡിൽ പസിൽ എന്നിവ അവതരിപ്പിക്കുന്നു. വിവിധ വൊക്കാബുലറി ഗെയിമുകൾ കളിക്കുന്നു.<br>**ഗെയിം ടൈം**<br>https://learnenglishkids.britishcouncil.org/grammar-vocabulary എന്ന സൈറ്റിൽ ലഭ്യമായ വൊക്കാബുലറി ഗെയിമുകൾ കളിച്ച് ഇംഗ്ലീഷ് വൊക്കാബുലറി വർധിപ്പിക്കുന്നു.<br>**മൈ പിക്ചർ ഡിക്ഷ്നറി**<br>ഇംഗ്ലീഷ് പാഠപുസ്തകത്തിലെ പുതിയ വാക്കുകൾ ഒരു നോട്ടുപുസ്തകത്തിൽ എഴുതുന്നു. ഇവയുടെ അർത്ഥം കണ്ടെത്തി അവ വരയ്ക്കുകയോ ചിത്രം മുറിച്ചെടുത്ത് ഒട്ടിക്കുകയോ ചെയ്യുന്നു. | ആഗസ്റ്റ് മുതൽ രണ്ടാഴ്ചയിലൊരിക്കൽ<br><br>ആഗസ്റ്റ് മുതൽ രണ്ടാഴ്ചയിലൊരിക്കൽ<br><br>ആഗസ്റ്റ് മുതൽ രണ്ടാഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ | |

വിഷയം : ഹിന്ദി (യു പി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5 6 7 അക്ഷര ബോധം ഉറപ്പിക്കൽ.<br><br>ഹിന്ദി ക്ലബ്ബ് രൂപീകരണം.<br>ദിനാചരണങ്ങൾ<br><br><br>വായനാദിനാഘോഷം | ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക, അക്ഷരങ്ങളും, പദങ്ങളും ഉറപ്പിക്കൽ.<br>കേട്ടെഴുത്ത്<br>ചിഹ്നം പരിചയപ്പെടുത്തൽ<br>അക്ഷര കാർഡ് , അക്ഷരങ്ങൾ ഉച്ചരിക്കാനുള്ള കഴിവ്.<br>വായന മത്സരം ,പോസ്റ്റർ നിർമ്മാണം ,പോസ്റ്റർ പ്രദർശനം<br>കവിത രചന മത്സരം. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ | |
| ദൈനംദിന ജീവിതത്തിലെ വസ്തുക്കളെ പരിചയപ്പെടുത്തൽ<br>ഹിന്ദി ഭാഷ അഭിരുചി വർദ്ധിപ്പിക്കൽ .<br>എണ്ണം പഠിപ്പിക്കൽ<br>(സർഗാത്മകശേഷി വികസിപ്പിക്കൽ). | വാക്കുകൾ എഴുതിപ്പിക്കൽ .<br>എണ്ണം  പഠിച്ചത് പറയിപ്പിക്കൽ, എഴുതൽ ,ചാർട്ട് നിർമാണം or A4 പേപ്പറിൽ എഴുതൽ.<br>കവിത പൂർത്തീകരണം.<br>പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുക.<br>പോസ്റ്റർ നിർമ്മാണം | സെപ്റ്റംബർ to ഒക്ടോബർ | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| ഹിന്ദി തെറ്റുകൂടാതെ വായിക്കാനുള്ള പരിശ്രമം ചെയ്യുക.<br><br>ദിനാചരണങ്ങൾ | വായനാമത്സരം<br>കവിതാലാപന മത്സരം.<br><br>ഹിന്ദി ദിവസ് (ദിനാചരണം). | | | |
| ഹിന്ദി സംസാരം ; ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക. ആശയങ്ങൾ തെറ്റ കൂടാതെ പറയിപ്പിക്കാനുള്ള പരിശീലനം. | ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സിൽ ഉപയോഗിക്കുക.<br>അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുക.<br>വായനാ പരിശീലനം, കവിതയുടെ വരികൾ കൂട്ടിച്ചേർക്കൽ. | നവംബർ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |

വിഷയം : അടിസ്ഥാന ശാസ്ത്രം (യു പി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ പാർക്ക്**<br>ഔഷധ തോട്ടം, പച്ചക്കറി തോട്ടം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം. സയൻസ് വിഷയത്തിലെ പരീക്ഷണ നിരീക്ഷണ ങ്ങൾക്ക് ഈ പാർക്ക് ഉപയോഗപ്പെടുത്തുന്നു. | ആഗസ്റ്റ് | ശാസ്ത്ര ക്ലബ് | 2000 |
| | **ഫീൽഡ് ട്രിപ്പ്**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താനും ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണത്തിനും കണ്ടൽക്കാട് നിരീക്ഷണത്തിനായും പുഴയെ അറിയാനുമായുള്ള യാത്രകൾ. കൃഷിസ്ഥലം, ആശുപത്രി, കൃഷിഭവൻ എന്നിവ സന്ദർശിച്ച് വിദഗ്ധരുമായി അഭിമുഖം , വിവര ശേഖരണം എന്നിവ നടത്തുന്നു. | മാസ ത്തിൽ ഒന്നു വീതം | ശാസ്ത്ര അധ്യാപിക | 8000 |
| | **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ. | ടേമിൽ ഒന്ന് | ശാസ്ത്ര അധ്യാപിക | 3000 |
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **എന്റെ പ്രോജക്ട്കൾ**<br>വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട പ്രോജക്ട്കൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | ജൂലൈ മുതൽ | ശാസ്ത്ര അധ്യാപിക | |

| | | | | |
|---|---|---|---|---|
| | | | | |
| | **ശാസ്ത്ര വിജ്ഞാന ചുമർ**<br>ഓരോ ക്ലാസിലും ശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കി കുട്ടികളുടെ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കാനുള്ള പദ്ധതി<br>**വിജ്ഞാന ചെപ്പ്**<br>ശാസ്ത്ര വിഷയമായി ബന്ധപ്പെട്ട ക്വിസ് ഉൾപ്പെടുത്തി കൊണ്ടുള്ള പദ്ധതി. | ജൂൺ<br>ജൂലൈ മുതൽ | ക്ലാസ് അധ്യാപിക<br>ക്ലാസ് അധ്യാപിക | 600 |
| ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തി നായി പ്രയോജനപ്പെടുത്തുക | **ഡിജിറ്റൽ വീഡിയോ ലൈബ്രറി**<br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കാൻ വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നു.<br>ഡിജിറ്റൽ വീഡിയോ ലൈബ്രറി തയ്യാറാക്കൽ | ജൂൺ | ശാസ്ത്ര അധ്യാപിക | |

വിഷയം : സാമൂഹ്യ ശാസ്ത്രം (യു പി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **ഓർമ്മച്ചെപ്പ്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിനായി പ്രവർത്തനങ്ങൾ നൽകുന്നു<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ പ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉപയോഗിച്ച് ഐസിടി സാധ്യതകളുടെ സഹായത്തോടെ മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രധാനമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം സൃഷ്ടിക്കുന്നു. | ജൂലൈ മുതൽ | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയങ്ങളിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.<br>സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ജനാധിപത്യത്തെയും തെരഞ്ഞെടുപ്പ് പ്രക്രിയയെപ്പറ്റിയും മനസ്സിലാക്കുന്നു. | | | |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് റോഡ് സുരക്ഷ സൈബർ സുരക്ഷ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു | ടേമിൽ ഒന്ന് | സാമൂഹ്യശാസ്ത്ര അധ്യാപിക | |

വിഷയം :  ഗണിതം (യു പി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയ ചെയ്യാനുള്ള കഴിവ്  എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | **ഗണിതോത്സവം**<br>കളി രീതിയിലൂടെ ഗണിതത്തിലെ അടിസ്ഥാന ശേഷികൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ മുതൽ | ഗണിതശാസ്ത്ര അധ്യാപിക | 2000 |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | **നിർമ്മാണക്കളരി**<br>കണക്കിലെ വിവിധ രൂപങ്ങൾ നിർമ്മിക്കാനും അവയുടെ സവിശേഷതകൾപട്ടികപ്പെടുത്താനും സംഘടിപ്പിക്കാനും അവസരം നൽകുന്നു. | ടേമിൽ ഒന്ന് | ഗണിതശാസ്ത്ര അധ്യാപിക | 6000 |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായം സഹായത്തോടെ ഗണിത പഠനം രസകരവും പ്രയോജനപ്രദവുമാക്കുന്നു | **എന്റെ പാറ്റേണുകൾ**<br>ജിയോജിബ്ര സോഫ്റ്റ്‌വേർ ഉപയോഗിച്ച് വിവിധ ജ്യാമിതീയ പാറ്റേണുകൾ വരയ്ക്കുന്നു.<br>ജ്യാമിതീയ രൂപങ്ങൾ ചതുഷ്കിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യത ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയും. | ജൂലൈ മുതൽ | ഗണിതശാസ്ത്ര അധ്യാപിക | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | **ഐ ലവ് മാത്‌സ്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കുട്ടികളുടെ പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രത്യേക ക്ലാസുകൾ നൽകുന്നു. | ജൂലൈ മുതൽ | എസ് ആർ ജി | 2000 |
| ഗണിതശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുന്നതിന് | **എ പസിൽ എ വീക്ക്**<br>ഗണിതകോർണറിൽ ആഴ്ചയിൽ ഒരു ദിവസം പസിൽ നല്കുന്നു. ശരിയായ ഉത്തരം കണ്ടെത്തിയ കുട്ടികൾക്ക് സമ്മാനം നല്കുന്നു. | ജൂലൈ മുതൽ | ഗണിതശാസ്ത്ര അധ്യാപകർ | |

വിഷയം : മലയാളം ( ഹൈസ്കൂൾ )

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം അടയാളം ഉറപ്പിക്കൽ<br>3. വാക്കുകൾ നിർമിക്കുക<br>4. വാക്യങ്ങൾ നിർമ്മിക്കുക<br>5. ചിത്രം കഥ എഴുതൽ<br>6. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ് | രണ്ട് മാസം | അധ്യാപകർ<br>പി ടി എ | 3000 |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1. ക്ലാസ് വായനക്കൂട്ടം<br>2. സ്കൂൾ ലൈബ്രറി<br>3. പത്ര വായന<br>4. പുസ്തക ചർച്ച<br>5. വായനാനുഭവം<br>6. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>7. ദിനാചരണം<br>8. ഈ വായന | ആറ് മാസം | അധ്യാപകർ<br>പി ടി എ | 5000 |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | 1.പുസ്തക ചർച്ച<br>2. വായന കുറിപ്പ്<br>3. വ്യക്തിഗത രചന സംഘ രചന<br>4. വിവിധ സാഹിത്യ രചനകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ | ആറ് മാസം | മലയാളം<br>അധ്യാപകർ | 2000 |
| സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | 1.പ്രസംഗ പരിശീലനം<br>2.വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക | ജൂൺ മുതൽ | അധ്യാപകർ<br>ട്രെയിനർ | |

HIGH SCHOOL –ENGLISH

| AREA | ACTIVITIES | TIME | DUTIES | ECONOMICAL ANALYSIS |
|---|---|---|---|---|
| 1.Enable the students to communicate confidently in English | Spoken English class<br>Innovation of English library<br>English corner ,Story time<br>Exhibition of English Cartoons<br>English Assembly | Saturdays/Free period | PTA, Teachers | PTA, Teachers |
| 2. Provide opportunities for expression in English | Cinema and Documentary – Show some scenes from English movies to prepare the profile and script.<br><br>Role Play, English Day celebration, seminar discussions. Poems by famous English poets will be choreographed and performed. | With classroom activities<br><br>Academic Year | Teachers<br><br>English Teachers | English Club<br><br>PTA, English Club |
| 3. Prepare for independent reading and writing. | School English Voice , Letter card, Word card, Cards for sentence construction .<br><br>Picture reading ,Short story writing, Public speaking, Simple games, Reading English newspapers, Preparing news reports, My diary, Reading newspapers in assembly, News reading competitions | With classroom activities.<br><br>Classroom activities, assembly | PTA, SRG , Teachers<br><br>PTA, Teachers | English club |

| | | | | |
|---|---|---|---|---|
| 4. Dramatization | English assembly, skit, puppet show, English lab. | Classroom activities | Teachers | PTA |
| 5. Prepare the students for poetry writing and recitation. | Opportunity to listen to English audio.<br><br>Conducting poetry writing and recitation competitions , preparing appreciation notes.<br><br>Utilizing opportunities for exchange of ideas and discussion with famous poets.<br>Book Reviews<br>Exhibition of literary works. | Classroom activities<br><br>Vacations, Saturdays<br><br>Twice a year. | Teachers , SRG<br><br>Teachers, PTA, SRG<br><br>English teachers | English club<br><br>English club<br><br>PTA |
| 6. Utilize technological opportunities for English language development. | English fest, Opportunity to watch English films. | Once in an academic year. | English club | |
| 7. Organize debates. | Provide opportunities to spend time and engage in discussion with native speakers.<br><br>Hold video conference with famous English writers. | Saturdays / vacation<br><br>Twice in an academic year | Teachers , PTA ,SRG | PTA , English club |

വിഷയം : സാമൂഹ്യശാസ്ത്രം ( ഹൈസ്കൂൾ )

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശികസാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളെ ചരിത്ര ബോധമുള്ളവരാക്കുക | സമീപപ്രദേശത്തുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br><br>പ്രാദേശിക പാഠങ്ങളുടെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കാൻ സമീപപ്രദേശങ്ങളുടെ സംസ്കാരം , ചരിത്രം, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പ്രാദേശിക ചരിത്രരചന. | അക്കാദമിക വർഷത്തി ലെ പ്രത്യേകം തെര ഞ്ഞെടുത്ത ദിനങ്ങളി ൽ | സോഷ്യൽ സയൻസ് അധ്യാപിക | 5000 |
| സ്ഥലനിർണ്ണയം നടത്തുവാൻ കുട്ടികളെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഭൂപടവായന | ഭൂപട വായന പ്രോത്സാഹിപ്പിക്കാൻ അറ്റ്ലസ് നിർമ്മാണം | ജൂലൈ | സോഷ്യൽ സയൻസ് അധ്യാപിക | 1000 |
| യുദ്ധത്തിൻ്റെ ദാരുണാവസ്ഥയും മനുഷ്യ ജീവിതത്തിൻ്റെ ആഘാതവും മനസ്സിലാക്കാനും സമാധാനത്തിന്റെ ആവശ്യകതയും മനസ്സിലാക്കാൻ | കുട്ടികൾ വാർ Vs പീസ് എന്ന ആശയത്തെ അടിസ്ഥാനമാക്കി പോസ്റ്ററുകൾ നിർമ്മിക്കുന്നു.സ്കൂൾ ചുമരിൽ പീസ് കോർണർ എന്ന രീതിയിൽ ഇവയുടെ പ്രദർശനം | ആഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപിക | |
| ചരിത്രസംഭവങ്ങളെ കൃത്യവും കലാപരവുമായ രീതിയിൽ ആവിഷ്കരിക്കാൻ | ഇന്ത്യൻ സ്വാതന്ത്ര്യസമരം എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ചുമർചിത്ര രചന | ആഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപിക | 2000 |

| | | | | |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സാമൂഹ്യശാസ്ത്ര ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും സൈബർ കുറ്റകൃത്യം- ശ്രദ്ധിക്കേണ്ടതും തിരിച്ചറിയേണ്ടതും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് | സെപ്റ്റംബെ ർ | സോഷ്യൽ സയൻസ് അധ്യാപിക | |
| സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ ഭരണഘടനാ മൂല്യങ്ങൾ കുട്ടിയിൽ പ്രതിഫലിപ്പിക്കാനും ജനാധിപത്യം ഒരു ജീവിതശൈലയാക്കി മാറ്റുവാനും | സ്കൂൾ പാർലമെൻറ് ഇലക്ഷൻ, മോക്ക്പാർലമെൻറ് ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ. | ഒക്ടോബർ -നവംബർ | സോഷ്യൽ സയൻസ് അധ്യാപിക | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കാനും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും പഠിതാക്കളെ ബോധവാന്മാരാക്കുക. | വെള്ളപ്പൊക്കം, സുനാമി ,ഭൂകമ്പം എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിരക്ഷാസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | സോഷ്യൽ സയൻസ് അധ്യാപിക | |
| ലക്ഷ്യം സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കുക | ജനുവരി | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് ,പിടിഎ . | 10000 |
| പരിസ്ഥിതി ,സമൂഹം, സാമ്പത്തിക വളർച്ച എന്നിവ തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്താൻ. | മനുഷ്യൻെറ ഇടപെടലുകൾ കാരണം തകർച്ച നേരിടുന്ന -നേരിട്ട കാവുകൾ , തണ്ണീർത്തടങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കൽ.<br><br>കുട്ടികൾക്ക് അവരുടെ പ്രദേശത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കൽ. ജലക്ഷാമം, കൃഷിയിലുള്ള വ്യതിയാനങ്ങൾ, മാലിന്യ സംസ്കരണം - ഇവയുടെ കാരണങ്ങൾ, പരിഹാരം എന്നിവ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ . | ഫെബ്രുവര ി | സോഷ്യൽ സയൻസ് അധ്യാപിക | |

വിഷയം : ഗണിതം ( ഹൈസ്കൂൾ )

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം നേടൽ . | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ജ്യോമട്രി ബോക്സിലെ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശില്പശാല | ജൂൺ - ഓഗസ്റ്റ് | ഗണിത അധ്യാപകർ , പൂർവ്വ വിദ്യാർത്ഥികൾ. | 3000 |
| ജിയോജിബ്രയിലെ സങ്കേതങ്ങൾ പരിചയപ്പെടലും അത് ഗണിത പഠനത്തിൽ ഉപയോഗപ്പെടുത്താനുള്ള കഴിവ് നേടുകയുംചെയ്യൽ | സ്കൂളിലെ മുഴുവൻ കുട്ടികളെയും ഗണിത അപ്ലിക്കേഷൻ ആയ ജിയോജിബ്ര ഉപയോഗിക്കാൻ പ്രാപ്തനാക്കുവാൻ വേണ്ടിയുള്ള ശില്പശാല | ജൂൺ - ഫെബ്രുവരി | ഗണിത അധ്യാപകർ , ഐടി അധ്യാപകർ | |
| ഘനരൂപങ്ങൾ നിർമ്മിക്കാൻ പ്രാപ്തി നേടുക | പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ഘനരൂപങ്ങളുടെ നിർമ്മാണം അതുവഴി ഒരു ഗണിത ലാബ് സജ്ജീകരിക്കൽ | | ഗണിത അധ്യാപകർ, രക്ഷിതാക്കൾ | |

വിഷയം : ജീവശാസ്ത്രം ( ഹൈസ്കൂൾ )

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവവൈവിധ്യ സംരക്ഷണം | പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. അതിജീവനത്തിന് ജൈവവൈവിധ്യ സംരക്ഷണം ആവശ്യമാണെന്ന് ബോധവൽക്കരണം.<br>ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ .<br>പച്ചക്കറിത്തോട്ടം സ്കൂളിൽ നിർമ്മിക്കൽ.<br>കാവുകൾ കണ്ടൽക്കാടുകൾ എന്നിവ സന്ദർശിക്കൽ. | ജൂൺ മുതൽ ഒക്ടോബർ വരെ | ജീവശാസ്ത്രം അധ്യാപിക. സീഡ് കൺവീനർ. പരിസ്ഥിതി ക്ലബ് കൺവീനർ. | 3000 |
| മാലിന്യ സംസ്കരണം | മാലിന്യ പരിപാലനം.കമ്പോസ്റ്റ് നിർമ്മാണം.പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറക്കൽ.പ്ലാസ്റ്റിക് മാലിന്യങ്ങൾ യഥാസ്ഥാനങ്ങളിൽ നിക്ഷേപിക്കൽ.<br>ജലസംരക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കൽ.മഹാമാരികളും പകർച്ചവ്യാധികളും പാരിസ്ഥിതിക സന്തുലനവും തമ്മിലുള്ള പാരസ്പര്യം വിശകലനാത്മകമായി പരിശോധിക്കൽ | ജൂൺമുതൽ ഫെബ്രുവരി വരെ | ജീവശാസ്ത്രം അധ്യാപിക ഹെൽത്ത് ക്ലബ് കൺവീനർ | |
| ജീവശാസ്ത്രം നിത്യ ജീവിതത്തിൽ | രക്ത ഗ്രൂപ്പ് പരിശോധനാ ക്യാമ്പ്,കാഴ്ചശക്തി പരിശോധന ക്യാമ്പ് , ഇതെന്താ ആരോഗ്യ പരിശോധന ക്യാമ്പ്,ഫുട്ബോൾ ടൂർണമെന്റുകൾ സംഘടിപ്പിക്കൽ,ആരോഗ്യകരമായ ജീവിതത്തിന് രാമായണ വ്യായാമത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കൽ | ജനുവരി ഫെബ്രുവരി മാസങ്ങൾ | ജീവശാസ്ത്രം അധ്യാപിക ഹെൽത്ത് ക്ലബ് , സ്പോർട്സ് ക്ലബ് | |

വിഷയം : ഭൗതികശാസ്ത്രം ( ഹൈസ്കൂൾ )

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രബോധം വളർത്തൽ | കുട്ടികൾക്ക് നേരിട്ടുള്ള അനുഭവം സ്വായത്തമാക്കലാണ് ശാസ്ത്രബോധം വളർത്താനുള്ള മാർഗം.അതിനായി സ്കൂൾ ലാബുകളിൽ അടിസ്ഥാനസൗകര്യം ഒരുക്കുന്നു.കുട്ടികൾക്ക് പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്താനുള്ള സൗകര്യം ഒരുക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ | |
| ഐസിടി ഉപയോഗിച്ചുള്ള ഭൗതികശാസ്ത്ര പഠനം. | ശാസ്ത്ര ആശയങ്ങൾ ആധുനിക സാങ്കേതികവിദ്യയിലൂടെ കൂടുതൽ മനസ്സിലാകുന്ന വിധത്തിൽ കുട്ടികളിൽ എത്തിക്കുന്നു. | ഓഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകൻ ,എസ് ഐ ടി സി | |
| കുട്ടികളിൽ അന്വേഷണ ത്വര വർദ്ധിപ്പിക്കാൻ | ഫീൽഡ് ട്രിപ്പ്<br>കുട്ടികളിൽ അന്വേഷണ ത്വര വർദ്ധിപ്പിക്കാനുതകുന്ന ഫീൽഡ് ട്രിപ്പുകൾ . | ഒക്ടോബർ , നവംബർ | സയൻസ് അധ്യാപകൻ, ടൂർ കൺവീനർ | 2500 |
| പാഠ്യേതര ഉപകരണങ്ങൾ കണ്ടുപിടിക്കൽ. | പാഠ്യേതര ഉപകരണങ്ങൾ കണ്ടുപിടിക്കാനും പരീക്ഷണങ്ങൾ നടത്താനുമുള്ള നൂതനമായ പഠന മുറികളും അത് വിനിയോഗിക്കാനുമുള്ള സാഹചര്യവും ഒരുക്കിക്കൊടുക്കൽ | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | സയൻസ് ക്ലബ് കൺവീനർ. | |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തൽ | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു. ശാസ്ത്ര മാസിക പ്രസിദ്ധീകരണം.സയൻസ് ക്ലബ് ആധുനികവൽക്കരിക്കൽ. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ . | 3000 |

വിഷയം : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് പ്രകൃതിയുമായി ആഴത്തിലുള്ള ബന്ധം ഉണ്ടാവുന്നു | ബാഡ്ജ് നിർമ്മാണം<br>പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പ്രകൃതി സൗഹാർദ്ദ ബാഡ്ജ് നിർമ്മിക്കുന്നു | ജൂൺ | അധ്യാപിക | |
| പാഴ് വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കാൻ | ഗ്രോ ബാഗ് നിർമ്മാണം കുട്ടികൾ പഴയ ജീൻസ് ഉപയോഗിച്ച് ഗ്രോ ബാഗ് നിർമ്മിക്കുന്നു.ഇത് ഉപയോഗിച്ച് സ്കൂളിൽ ഒരു പച്ചക്കറി തോട്ടം നിർമ്മിക്കുന്നു | ജൂലായ് | അധ്യാപിക | |
| കടലാസുകൊണ്ട് വിവിധ വസ്തുക്കൾ നിർമ്മിക്കുന്നതിന് കഴിവുള്ളവരാക്കാൻ | സഡാക്കോ കൊക്ക് നിർമ്മാണം<br>ആഗസ്റ്റ് ആറാം തീയതി ഹിരോഷിമ ദിനത്തിൽ കുട്ടികൾ സഡാക്കോ കൊക്ക് നിർമ്മിക്കുന്നു ഒറിഗാമിയുടെ സാധ്യതകൾ മനസ്സിലാക്കുന്നു | ആഗസ്റ്റ് | അധ്യാപിക | |
| ആരോഗ്യകരമായ ആഹാര ശീലങ്ങൾ പിന്തുടരാനുള്ള മനോഭാവം ഉണ്ടാക്കാൻ | സാലഡ് നിർമ്മാണം മതിയായ അളവിൽ പോഷക ഘടകങ്ങൾ ലഭിക്കത്തക്കവണ്ണം ഭക്ഷണസാധനങ്ങൾ തയ്യാറാക്കുന്നതിന് പാചകക്കളരി | നവംബർ | അധ്യാപിക | |

## ഉപസംഹാരം

വിദ്യാർത്ഥികളുടെ ഭൗതിക, മാനസിക, സാമൂഹിക വികസനം ലക്ഷ്യമാക്കി ആസൂത്രണം ചെയ്ത ഈ മാസ്റ്റർ പ്ലാൻ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ സുതാര്യമായ വളർച്ച നേടുന്നതിന് അധ്യാപകരും രക്ഷിതാക്കളും സംയുക്തമായി പങ്കാളികളാകുന്ന പദ്ധതിയാണ്. പാഠ്യപദ്ധതിയുടെ ആധികാരിക ആവിഷ്കാരവും വിവിധ വിഷയങ്ങളിലൂടനീളം പ്രാവർത്തനാധിഷ്ഠിത പഠനത്തിനും ഹോളിസ്റ്റിക് വിലയിരുത്തലിനും പ്രാധാന്യം നൽകുന്നതും ആണ് ഈ മാസ്റ്റർപ്ലാനിന്റെ സവിശേഷത. വിദ്യാർഥികളുടെ വ്യക്തിഗത കഴിവുകൾ കണ്ടെത്തി വളർത്താനും സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അധ്യാപക ശാക്തീകരണത്തിന് അവസരം ഒരുക്കാനും ഈ പദ്ധതി വഴി സാധിക്കും. പഠനത്തിലും പാഠേതര മേഖലകളിലും എല്ലാ കുട്ടികൾക്കും അവകാശ സമമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഈ പ്ലാൻ പ്രതിജ്ഞാബദ്ധമാണ്. കുട്ടികൾക്ക് മൂല്യ പദ്ധതിയുള്ള ആധുനികതയേറിയ വിദ്യാഭ്യാസം നൽകുന്നതിനുള്ള കരുത്തുറ്റ മാർഗ്ഗരേഖയാണിത്.